ഉത്തരം

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിയുടെയും ഓഫീസിലും ഔദ്യോഗിക വസതിയിലും നിയോജക മണ്ഡലത്തിലുള്ള വീട്ടിലും സ്ഥാപിച്ചിട്ടുള്ള ഫോണുകൾക്കു വേണ്ടി കോൾ ചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനത്തിലും ചെലവഴിച്ച തുകയുടെ വേർതിരിച്ച കണക്ക് ലഭ്യമല്ല. പ്രസ്തുത ഫോണുകൾക്ക് വേണ്ടി കോൾ ചാർജ്ജ് ഇനത്തിലും ഫോൺ വാടകയും ഉൾപ്പെടെ ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ കാലയളവിൽ മന്ത്രിമാർക്ക് നൽകിയിട്ടുള്ള മൊബൈൽ ഫോണിനുവേണ്ടി ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ ടെലിഫോൺ ചെലവ്

5 (8) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ ഓഫീസിലെയും വീടുകളിലെയും ടെലിഫോണുകളുടെ കാൾചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനത്തിലും എത്ര ചെലവ് വന്നിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് പ്രത്യേകമായി ഓഫീസ് ഫോൺ ഇല്ല. ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ വീടുകളിലെ ടെലിഫോണുകളുടെ കാൾ ചാർജ്ജ്, ഫോൺ വാടക എന്നിവയുടെ വേർതിരിച്ച കണക്ക് സംബന്ധിച്ച വിവരം ലഭ്യമല്ല. പ്രസ്തുത ടെലിഫോണുകളുടെ കാൾചാർജ്ജ്, ഫോൺ വാടക എന്നിവ ഉൾപ്പെടെ ചെലവായ തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പ്രതിപക്ഷ നേതാവിന്റെ ടെലിഫോൺ ചാർജ്ജ് ഇനത്തിലുള്ള ചെലവ്

6 (11) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് ടെലിഫോൺ ചാർജ്ജ് ഇനത്തിൽ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓഫീസിലേയും വസതിയിലേയും ചാർജ്ജുകൾ വേർതിരിച്ച് കാണിക്കുമോ ;

(സി) ലാൻഡ് ഫോണിന്റെയും മൊബൈൽ ഫോണിന്റെയും ചാർജ്ജുകൾ പ്രത്യേകം വിശദമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് ടെലിഫോൺ ചാർജ്ജിനത്തിൽ 9,85,474 രൂപ (ഒൻപത് ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാനൂറ്റി എഴുപത്തി നാല് രൂപ മാത്രം) ചെലവായി.

(ബി) ഇതിൽ 4,83,857 രൂപ (നാല് ലക്ഷത്തി എൺപത്തി മൂവായിരത്തി എണ്ണൂറ്റി അൻപത്തിഏഴ് രൂപ മാത്രം) ഓഫീസ് ചാർജ്ജും 5,01,617 രൂപ (അഞ്ചുലക്ഷത്തി ആയിരത്തി അറുനൂറ്റി പതിനേഴ് രൂപ മാത്രം) വസതിയിലെ ചാർജ്ജുമാണ്.

(സി) ലാൻഡ് ഫോൺ ചാർജ്ജിനത്തിൽ 9,85,474 (ഒൻപത് ലക്ഷത്തി എൺപത്തി അയ്യായിരത്തി നാനൂറ്റി എഴുപത്തി നാല് രൂപ മാത്രം) ചെലവായി. മൊബൈൽ ഫോൺ ചാർജ്ജിനത്തിൽ തുകയൊന്നും ചെലവായിട്ടില്ല.

പ്രതിപക്ഷ നേതാവിന്റെ ടി.എ., ഡി.എ. ഇനത്തിലെ ചെലവ്

7 (12) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് ടി.എ., ഡി.എ. ഇനത്തിൽ ചെലവായ തുക എത്ര എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സംസ്ഥാനത്തിനകത്തും പുറത്തും യാത്ര ചെയ്തതിന്റെ തുക വേർതിരിച്ച് കാണിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-11-2010 വരെ പ്രതിപക്ഷനേതാവ് ടി.എ., ഡി.എ. ഇനത്തിൽ ₹ 18,55,336 (പതിനെട്ടു ലക്ഷത്തി അമ്പത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) കൈപ്പറ്റിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിനകത്ത് യാത്ര ചെയ്തതിന് ₹ 17,88,049 (പതിനേഴ് ലക്ഷത്തി എൺപത്തി എട്ടായിരത്തി നാല്പത്തി ഒമ്പത് രൂപ മാത്രം) സംസ്ഥാനത്തിന് പുറത്ത് യാത്ര ചെയ്തതിന് ₹ 67,287 (അറുപത്തി ഏഴായിരത്തി ഇരുന്നൂറ്റി എൺപത്തി ഏഴ് രൂപ മാത്രം) കൈപ്പറ്റിയിട്ടുണ്ട്.

പ്രതിപക്ഷ നേതാവിന്റെ വിമാന യാത്രാചെലവ്

8 (13) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് വിമാന യാത്രായിനത്തിൽ ചെലവായ തുകയെത്ര എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സംസ്ഥാനത്തിനകത്തും പുറത്തും യാത്ര ചെയ്തതിന്റെ തുക വേർതിരിച്ച് കാണിക്കാമോ ?